## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3069 — 20.06.2014 ലെ മറുപടിക്ക്

### മുനിസിപ്പൽ പ്രദേശങ്ങളിലെ കെട്ടിടനിർമ്മാണചട്ട ലംഘനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) മുനിസിപ്പൽ പ്രദേശങ്ങളിൽ കെട്ടിട നിർമ്മാണ ചട്ടം ലംഘിക്കുന്നത് കണ്ടെത്തുന്നതിനും നടപടികൾ എടുക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 17, 18, 19 എന്നിവയിൽ അനധികൃത നിർമ്മാണങ്ങൾക്കെതിരെ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് പ്രതിപാദിക്കുന്നു. കൂടാതെ ചട്ടം 157 ൽ എല്ലാ ജില്ലകളിലും അനധികൃത നിർമ്മാണം കണ്ടുപിടിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി ഒരു വിജിലൻസ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തെ അനധികൃത നിർമ്മാണം നേരിട്ട് പരിശോധിക്കുന്നതിനായി തദ്ദേശസ്വയം ഭരണ വകുപ്പിന്റെ കീഴിൽ ചീഫ് ടൗൺ പ്ലാനർ വിജിലൻസിന്റെ നേതൃത്വത്തിൽ വിജിലൻസ് സെൽ വിപുലീകരിച്ചിട്ടുണ്ട്. |
| (ബി) പരാതി ലഭിക്കാതെ തന്നെ ഇത്തരത്തിൽ എത്ര ലംഘനങ്ങൾ കണ്ടെത്തിയെന്നും എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കുമോ ? | (ബി) പരാതികൾ ലഭിക്കാതെ തന്നെ മുൻസിപ്പാലിറ്റികളിൽ 250 അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുകയും അവയ്ക്കെതിരെ നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട മുൻസിപ്പൽ സെക്രട്ടറിമാർക്ക് നിർദ്ദേശം സർക്കാർ നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ